



# ഒരു കവിയുടെ വളർച്ച

## ഇടശ്ശേരി

മഹാകവി ജി. പറയുകയുണ്ടായി, തന്നെയും എന്നെയും ഉദ്ദേശിച്ച്, ഞങ്ങൾ വിദ്യാഭ്യാസമില്ലാത്തവരാണെന്ന്. ആ പ്രസ്താവന വക്താവിന്റെ സൗവർണമായ വിനയശീലത്തിന്റെ ബഹിർസ്ഫുരണവും എന്നെ സംബന്ധിച്ചിടത്തോളം ഒരു കേവലസത്യവുമാണ്. പ്രാഥമിക വിദ്യാഭ്യാസത്തിൽ കവിഞ്ഞ ഒന്നും നേടാൻ എനിക്ക് തരമായിട്ടില്ല. മഹാകാവ്യങ്ങൾ ഉൾപ്പെടെ മലയാളത്തിൽ ഉണ്ടായിട്ടുള്ള കവിതാപുസ്തകങ്ങളിൽ ചിലതു വായിക്കാനും രണ്ടുമൂന്നു സംസ്കൃതകാവ്യങ്ങൾ വായിക്കാനും വളരെക്കുറച്ച് വിരലിലെണ്ണാവുന്നത്ര കുറച്ച്, ഇംഗ്ലീഷ് പുസ്തകങ്ങളുമായി പരിചയപ്പെടാനും സാധിച്ചു എന്നത് സാമാന്യമായിപ്പറഞ്ഞാൽ കേരളത്തിലെ ഏതൊരു സാധാരണക്കാരനും സാധിക്കുന്നതേയുള്ളൂ. എടുത്തുപറയാൻ ഒന്നുമില്ലെന്നർഥം.

ഇതൊരു വിനയപ്രകടനമല്ല. പിന്നെ എങ്ങനെ കവിതയെഴുതി എന്നു ചോദിക്കാം. സ്നേഹിതന്മാരേ, അതൊരത്ഭുതമല്ല. അത്ഭുതസിദ്ധി തരുന്ന യാതൊരു ദേവതോപാസനയാലുമല്ല; മോഹവും സാഹചര്യവും മാത്രമായിരുന്നു കവിതയെഴുതാനുണ്ടായിരുന്ന മൂലധനം.

കുട്ടിക്കാലത്ത് ഭാരതവും രാമായണവും നിർബന്ധപൂർവം വായിപ്പിച്ചിരുന്നു എന്റെ അമ്മ. എഴുത്തച്ഛനിൽനിന്നു കിട്ടിയ പാണ്ഡിത്യവും അഥവാ വിജ്ഞാനവും എന്റെ അമ്മയുടെ കണ്ഠത്തിൽനിന്ന് മനസ്സ് നുകർന്നെടുത്ത ഈണങ്ങളും ചേർന്നാണ് എന്റെ കവനകലയുടെ ബീജാവാപം ഉണ്ടായത്. ഭാഗ്യവശാൽ ഞാൻ വളർന്ന ഗൃഹാന്തരീക്ഷം വളക്കൂറുറ്റതായിരുന്നു. എന്നെ വളർത്തിയെടുത്ത ജ്യേഷ്ഠത്തിമാർ അല്പംമാത്രം പഠിച്ചിരുന്നവരായിരുന്നെങ്കിലും കാവ്യാസ്വാദനത്തിൽ തല്പരകളായിരുന്നു; അവരുടെ കൊച്ചനുജൻ ഒരു വലിയ അക്ഷരശ്ലോകക്കാരനാവണമെന്ന് ആത്മാർഥമായി ആഗ്രഹിച്ചിരുന്നവരും. അവർ എഴുതിവെച്ചിരുന്ന കവിതാപുസ്തകങ്ങളുടെ കൈക്കോപ്പികളായിരുന്നു കവിതകൾ-എന്നുവെച്ചാൽ ശ്ലോകങ്ങൾ-കാണാപ്പാഠം പഠിക്കാൻ എനിക്കുപകരിച്ച മഹാഗ്രന്ഥങ്ങൾ. ഞാൻ അതെല്ലാം അല്പം കുറോടെത്തന്നെ ഇവിടെ അനുസ്മരിക്കയാണ്.

ഞാനൊരു ആധാരമെഴുത്തുകാരനാണെന്ന് നിങ്ങൾക്കറിയാമല്ലോ. ഈ കാരണത്താൽ പലരും എന്റെ കവനപരിശ്രമത്തെ അഭിനന്ദിക്കുന്നതോടൊപ്പം അത്ഭുതം പ്രകടിപ്പിക്കുകയും ചെയ്യാറുണ്ട്. ഈ രണ്ടു പ്രവൃത്തികൾ സ്വഭാവവൈരുധ്യമുള്ളവയാണെന്ന് ആളുകൾ വിചാരിക്കുന്നു. കവിത എഴുതാറുള്ള ഞാനാകട്ടെ, ആരെങ്കിലും ദയവായി അണിയിച്ചുതരുന്ന ദിവ്യതയുടെ പരിവേഷത്തെ ഞാനായിട്ടു തട്ടിമാറ്റേണ്ടെന്നു കരുതി ‘അങ്ങനെത്തന്നെ’ എന്നു നടിച്ചുകൊടുക്കുകയും ചെയ്യാറുണ്ട്. വാസ്തവം ഇതാണ്. അവിടെയും ഇവിടെയും എഴുത്താണല്ലോ പണി. ഏതെഴുത്തും സാരസ്വതമായ പ്രസാദമാണ്. അന്യായമെഴുതും പോലെയാണോ കവിത എഴുതുക എന്ന് നിങ്ങൾ ചോദിച്ചേക്കാം. അല്ല, ഒന്നും മറ്റൊന്നുപോലെയല്ല എഴുതുക. അന്യായമെഴുതുന്നതു പോലെയല്ലല്ലോ പത്രികയെഴുതുക.

പക്ഷേ, ഒന്നുണ്ട്; കവിക്ക് സങ്കല്പം വേണം. സ്വപ്നംകാണണം. തീരാത്ത മനോരാജ്യത്തിന് അവസരം വേണം. അതിനു വിഘാതമാണ് ഏതൊരു അന്യകർമവും. ഒരു ഡോക്ടറാണെന്നു വെയ്ക്കുക. ക്ലോറോഫോം കൊടുത്ത ശേഷം കത്തി കൈയിലെടുത്ത് മനോരാജ്യം വിചാരിക്കാനിരുന്നാൽ രോഗി ബാക്കിയുണ്ടാകുമോ? മനോരാജ്യക്കാരനായ ഒരെഞ്ചിനീയറുടെ തലവിധി എന്തായിരിക്കും? ഇതിൽക്കവിഞ്ഞ ഒരു കുഴപ്പമൊന്നും ഭാഗ്യവശാൽ ഒരു കവിക്ക് ആധാരമെഴുത്തുകൊണ്ട് സംഭവിക്കുന്നില്ല.

ഒരു കവിക്ക് അനന്തങ്ങളായ സങ്കല്പങ്ങളിൽ മുഴുകേണ്ടതുണ്ടെന്നു ഞാൻ പറഞ്ഞു. അപ്പോൾ നമുക്കു കുറച്ചു നല്ല കവികളെക്കിട്ടാൻ വാസനാ സമ്പന്നരായ കുറച്ചുപേരെ ഒന്നും ചെയ്യേണ്ട ആവശ്യം ഇല്ലാതാകുമാറ് ‘ചെല്ലും ചെലവും’ കൊടുത്തിരുത്തുകയാണോ വേണ്ടത്? അങ്ങനെ ആയാൽ കൊള്ളാമെന്ന് എനിക്കാഗ്രഹമുണ്ട്. പക്ഷേ, പിന്നെ കവിത എഴുതുമോ എന്ന കാര്യം കണ്ടറിയണം. കവന വ്യവസായത്തിനു വേണ്ട അസംസ്കൃതപദാർഥങ്ങളിൽ മുഖ്യമായ ഒന്ന് ലോകവ്യവഹാരങ്ങളിൽനിന്നു കൈവരേണ്ട വിജ്ഞാനമാണ്. ഏട്ടിൽ കണ്ട വിജ്ഞാനം പോരാ, അനുഭവ സമ്പത്ത് വേണം എന്നാണ് പറയുക. ഇതെങ്ങനെ നേടും? എരിയുന്ന വയറിന്റെ തീക്ഷ്ണമായ ചാട്ടവാറുകൊണ്ട് പ്രചോദിക്കപ്പെടുമ്പോഴല്ലാതെ ഒരു മനുഷ്യാത്മാവ് കർമം ചെയ്യുമോ? ആ വിശപ്പ് സ്വന്തം കൈകൊണ്ട് കവിയും മാറ്റട്ടെ. വേണമെങ്കിൽ അല്പസ്വല്പം സഹായം ചെയ്തുകൊടുത്തേക്കൂ. സാഹചര്യംകൊണ്ട് ജീവിതവൃത്തിയിൽ വരാവുന്ന കോട്ടങ്ങൾ നികത്തുവാൻ അതാവശ്യമാകും. അവനെ ഒരു ഭാഗത്തിരുത്തി വെണ്ണ ജപിച്ചുകൊ



**ഒരു കവിയുടെ വളർച്ച**

ഇടശ്ശേരി



ടുത്ത് അവന്റെ വിശപ്പ് കെടുത്തിക്കളയരുത്. അവനെ അജീർണ രോഗിയാക്കാനേ ആ ചികിത്സ പറ്റൂ.

ഞാനൊരു ദരിദ്രനും ആയിരുന്നു. കവിത വളരെക്കുറച്ചു മാത്രം എഴുതിയതിന് ഒരു ഒഴികഴിവ് ആയിട്ടല്ല ഞാനിതു പറയുന്നത്. ശപിക്കപ്പെട്ട ആ അവസ്ഥാവിശേഷംപോലും കവനത്തിനു പ്രചോദനം നൽകി എന്നു വിവരിക്കാനാണ്. ദാരിദ്ര്യം അനുഭവവിജ്ഞാനത്തിന് മൂർച്ചകൂട്ടി. മാത്രമല്ല, എന്റെ സങ്കല്പങ്ങളെ കൂടുതൽ സാന്ദ്രങ്ങളും മധുരങ്ങളുമാക്കുകയും ചെയ്തു.

എന്റെ കവനകലയ്ക്ക് സുഹൃത്തുക്കളിൽനിന്നുണ്ടായ പ്രേരണയും പ്രോത്സാഹനവും ചെറുതല്ല. എടുത്തുപറയേണ്ട ഒരു വിശേഷതയുള്ളത് ഈദൃശ സുഹൃത്തുക്കളിൽ രണ്ടോ മൂന്നോ പേരൊഴിച്ചാൽ മറ്റെല്ലാവരും എന്റെ ഇളംതലമുറയിൽപ്പെടുന്നവരാണ്. അവരാണ് എന്നെ കവിയെന്നാദ്യം വിളിച്ചത്. അവരാണ് എന്നെ വളർത്തിക്കൊണ്ടുവന്നതും. ആ ഭാഗം ഞാൻ വിസ്തരിക്കുന്നില്ല. 'നന്ദി' എന്ന പ്രകടമായ രണ്ടക്ഷരംപോലും പൊറുക്കാനാവില്ല അവർക്കെന്നോടുള്ള സ്നേഹത്തിന്.

എന്റെ കവിതകൾ ആദർശാത്മകങ്ങളാണെന്ന് നിരൂപകന്മാർ പറയാറുണ്ട്. അതിനെക്കുറിച്ചും രണ്ടുവാക്കു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങളിൽ പലരേയും പോലെ ഒരടിമയായിട്ടാണ് ഞാനും ജനിച്ചത്. ഭാഗ്യവശാൽ നമ്മൾ കുതറുന്ന അടിമകളായി. കഴുത്തിൽ കിടന്ന് ചങ്ങല കിലുങ്ങുമ്പോഴും കുരയ്ക്കാനും പല്ലിളിച്ചു ചാടാനും ഉള്ള സ്വാതന്ത്ര്യബോധം നമ്മളിൽ ജ്വലിച്ചിരുന്നു. ആ ജ്വാല കൊളുത്തിയത് ആദർശശാലികളിൽ അഗ്രഗണ്യനായ ഒരാളായിരുന്നു. ഈ അന്തരീക്ഷം സമുന്നതങ്ങളായ ചിന്തകളാൽ നിറഞ്ഞിരുന്നു. ശ്വസിച്ച ഓരോ വായുകണവും സത്യധർമങ്ങളുടെ സൗരഭ്യം പുരണ്ടതായിരുന്നു. പോകേണ്ടതെങ്ങോട്ടാണെന്ന് ചൂണ്ടിക്കാണിച്ചുതന്നത് മഹാത്മജിയാണ്. ഞാനിഷ്ടപ്പെട്ടാലും ഇഷ്ടപ്പെട്ടില്ലെങ്കിലും ശരി, ആ കൊടുങ്കാറ്റിൽ കരിയിലപോലെ ഞാൻ പാറിക്കളിച്ചു. ദാരിദ്ര്യത്തെ കൂടുതൽ മൂർച്ചകൂട്ടിക്കുവാനേ അതന്നുപകരിച്ചുള്ളൂ. ദുർവാസനകൾ പ്രാണൻ തല്ലിപ്പിടയുമ്പോഴും, പെരുമ്പാമ്പിന്റെ ദൃഷ്ടിയിൽപ്പെട്ട പുള്ളിമാനെപ്പോലെ അക്കാലത്തു ജീവിച്ച എന്നിലെ എഴുത്തുകാരന് ആ മഹാശക്തന്റെ ഇച്ഛാശക്തിയുടെ ആകർഷണപഥത്തിൽനിന്ന് മാറിനിൽക്കാൻ കഴിഞ്ഞില്ല. വിശേഷിച്ചും എന്നിലെ ശീലങ്ങൾ രൂപംകൊള്ളുന്ന പ്രായവുമായിരുന്നു അത്.

ആദർശവാദത്തിന് വിലയിടിഞ്ഞുവോ? മാർക്കറ്റിന്റെ നിലവാരം അങ്ങനെയാണ്. സ്വതന്ത്രഭാരതത്തിൽ തകർച്ചയുടെ വിലാപങ്ങളാണ് ഇന്നു കേൾക്കുന്നത്. ഏറ്റവും പുതിയ തലമുറയിലെ കവി വ്യർഥതാവാദമന്ത്രത്തിന്റെ ഋഷിയാണ്. ഇതെങ്ങനെ സംഭവിച്ചു? ഇതെന്നെ യഥാർത്ഥത്തിൽ ദുഃഖിപ്പിക്കുന്നുണ്ട്. സത്യം, ധർമം, അഹിംസ എന്നീ ആദർശങ്ങളെ മുറുകെപ്പിടിക്കുന്നവരെ പിൻതള്ളിക്കൊണ്ട് തഞ്ചക്കാരുടെ ഒരു വ്യൂഹം മുന്നേറിയിട്ടുണ്ട്. ലോകചരിത്രത്തിൽ പലതവണ ആവർത്തിച്ചതാണ് ഈ സംഭവം. മനുഷ്യശ്രേയസ്സിനായി പൊരുതി മരിച്ചവരുടെ മടമ്പുതൊട്ടുണ്ടായിരുന്നു പോക്കറ്റടിക്കാർ. പണ്ടും അങ്ങനെയാണ്. ശ്രീബുദ്ധനുചുറ്റും അമ്പലങ്ങൾ, വിഹാരങ്ങൾ പടുത്തുയർത്തി. അപ്പോൾ ആ ദേവൻ യഥാർത്ഥത്തിൽ മരിച്ചു. ക്രിസ്തുവിനുചുറ്റും പള്ളികൾ ഉയർന്നു; ദൈവപുത്രന്റെ വിധിയും മറിച്ചായില്ല. നമ്മൾ ഗാന്ധിജിക്ക് ക്ഷേത്രങ്ങൾ തന്നെയാണോ പണിയിച്ചു വരുന്നത്? ചമ്മട്ടികൊണ്ട് അടിച്ചിറക്കേണ്ടവരായ കള്ളക്കച്ചവടക്കാരല്ലേ അവിടെയും ഇവിടെയും തടിച്ചുകൂടുന്നത്? അവരാണ് പ്രമാണിമാരായത്! അവർ ഉറക്കെപ്പറഞ്ഞു, 'പരമാർത്ഥക്കാരന് പനങ്കഴു' എന്ന്.

ഇളംതലമുറയുടെ കൺമുമ്പിലുള്ള ചിത്രം ഇതാണ്. അവർ അശുഭാത്മകവാദത്തിലേക്കോ വ്യർഥതാബോധത്തിലേക്കോ ചുളിപ്പോകുന്നുണ്ടെങ്കിൽ അത് സ്വാഭാവികമാണ്. ഞാനവരുടെ ധീരോദാത്തതയെ ചോദ്യം ചെയ്യില്ല. സ്വതന്ത്രഭാരതത്തിന്റെ കഥയിതാണെങ്കിൽ മഹത്തായ സാഹിത്യത്തിൽനിന്ന് മറ്റെന്ത് പ്രതീക്ഷിക്കാം? ജീവിതത്തിന്റെ അനുരണനമാണല്ലോ സാഹിത്യം. ഈ നിലപാടു മാറ്റാൻ കഴിയുന്നില്ലെങ്കിൽ നമ്മുടെ ഭാവി എന്താണ്? എന്താണ് ഈ ദുഃസ്ഥിതിവിശേഷത്തിന് ഹേതു? എനിക്ക് എന്റെ അനുജന്മാരോട് പറയാനുള്ളത് അവർക്ക് വലിയ സ്വപ്നങ്ങൾ കാണാൻ കഴിയുന്നില്ലെന്നതാണ്. ഞാൻ മുമ്പു പറഞ്ഞ അടിമത്തത്തെ കുടഞ്ഞുകളഞ്ഞ കാലഘട്ടത്തെപ്പറ്റി. കാലുകൾ തളച്ചിട്ടിരുന്ന ആ കാലത്തും ആ ജനങ്ങളുടെ മനസ്സിൽ മഹത്തായ സങ്കല്പങ്ങളുണ്ടായിരുന്നു. കൂറ്റൻ കൂറ്റൻ സങ്കല്പങ്ങൾ. ക്ഷേമ സമൃദ്ധമായ ഒരു ഏകീകൃതവൻകരയെപ്പറ്റിയുള്ള സ്വപ്നങ്ങൾ, അത് മുഴുവൻ സഫലമായെന്ന് ഞാൻ പറയുന്നില്ല. പക്ഷേ, പലതും സാധിച്ചു. കൊത്തി മുറിച്ചിട്ടിരുന്ന ഇന്ത്യ ഒന്നായി. സ്വർഗത്തിലേക്കോ നരകത്തിലേക്കോ നീങ്ങാൻ അത് സ്വതന്ത്രമായി. എന്തായാലും കുറച്ചെങ്കിലും സ്വർഗകവാടങ്ങളെ അത് തുറന്നിടുകയും ചെയ്തു. പക്ഷേ, ഇന്നത്തെ യുവാക്കളേ, സ്വതന്ത്രരായി ജീവിക്കാൻ ഭാഗ്യം നേടിയവരേ, നിങ്ങൾക്ക് എന്തെങ്കിലും സങ്കല്പങ്ങളുണ്ടോ? നിങ്ങൾക്ക് സ്വപ്നം കാണാൻ കഴി



**ഒരു കവിയുടെ**
**വളർച്ച**
ഇടശ്ശേരി



യുന്നുണ്ടോ? യാഥാർത്ഥ്യങ്ങളുടെ ബീജാങ്കുരം അതിലാണ്. അതേ, നിങ്ങളെ, ധീരോദാത്തന്മാരും ധർമസ്ഥൈര്യമുള്ളവരുമാക്കൂ. അതേ, നിങ്ങളെക്കൊണ്ട് വലിയ സൃഷ്ടികൾ ചെയ്യിക്കൂ. ആ സിദ്ധി ആദ്യം കൈവരുത്തുക. എങ്കിൽ വിശ്വോത്തരമായ സാഹിത്യകൃതികൾ നിങ്ങളുടെ തലമുറയിൽ ഉടലെടുക്കും.

മദിരാശിയിൽവെച്ച് ചെയ്ത പ്രഭാഷണം, ജയകേരളം ആഴ്ചപ്പതിപ്പ് പു. 16–18, 1967 മാർച്ച്.